# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2616 19.12.2012 ൽ മറുപടിയ്ക്ക്

## ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് പ്രോഗ്രാം

ചോദ്യം : ശ്രീ. എം.ഉമ്മർ

ഉത്തരം : ശ്രീ.പി.ജെ.ജോസഫ്
ജലവിഭവ വകുപ്പ് മന്ത്രി

എ) ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് പ്രോഗ്രാം കേരളത്തിലെ ഏതെല്ലാം ജലസേചന പദ്ധതികളിൽ നടപ്പിലാക്കിയിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കമോ ;

എ) ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് പ്രോഗ്രാം കല്ലട ജലസേചന പദ്ധതി, മൂവാറ്റുപുഴ ജലസേചന പദ്ധതി, മലമ്പുഴ, കാഞ്ഞിരപ്പുഴ, ചിറ്റൂർപ്പുഴ എന്നീ പദ്ധതികളുടെ ERM (Extension, Renovation and Modernisation) പ്രവർത്തികൾ, കാരാപ്പുഴ ജലസേചന പദ്ധതി എന്നിവയിൽ നടപ്പിലാക്കിയിട്ടുണ്ട്. കല്ലട ജലസേചന പദ്ധതി കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലും, മൂവാറ്റുപുഴ ജലസേചന പദ്ധതി കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിലും, മലമ്പുഴ, കാഞ്ഞിരപ്പുഴ, ചിറ്റൂർപ്പുഴ എന്നീ പദ്ധതികൾ പാലക്കാട് ജില്ലയിലും, കാരാപ്പുഴ ജലസേചന പദ്ധതി വയനാട് ജില്ലയിലുമാണ് ഉൾപ്പെടുന്നത്.

ബി) 2010-11 സാമ്പത്തിക വർഷം മുതൽ ഈ പ്രോഗ്രാമിന് ലഭിച്ച കേന്ദ്രവിഹിതം വ്യക്തമാക്കാമോ ;

ബി) മൂവാറ്റുപുഴ പദ്ധതിയ്ക്ക് 2009-2010 സാമ്പത്തിക വർഷം മുതൽ കേന്ദ്ര വിഹിതം ലഭിച്ചിട്ടില്ല. 2009-10 വർഷത്തിൽ കാഞ്ഞിരപ്പുഴ പദ്ധതിയ്ക്ക് 0.9045 കോടി രൂപയും, 2010-11 സാമ്പത്തിക വർഷം മുതൽ കാഞ്ഞിരപ്പുഴ പദ്ധതിയ്ക്ക് 4.165 കോടി രൂപയും, ചിറ്റൂർപ്പുഴ പദ്ധതിയ്ക്ക് 5.85 കോടി രൂപയും കേന്ദ്ര വിഹിതം ലഭിച്ചിട്ടുണ്ട്.

സി) പ്രസ്തുത പദ്ധതിക്കായി സംസ്ഥാന വിഹിതം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശം നൽകുമോ ?

സി) സംസ്ഥാന വിഹിതം നല്കുന്നുണ്ട്. പ്രോജക്ട് വിഭാഗം-I ചീഫ് എഞ്ചിനീയർ, കോഴിക്കോടിന് കീഴിലുള്ള ERM

പദ്ധതികൾക്കായി 2010-11 വർഷത്തിൽ 60 കോടി രൂപയും, 2011-12 വർഷത്തിൽ 40 കോടി രൂപയും, 2012-13 വർഷത്തിൽ 11 കോടി രൂപയും, കാരാപ്പുഴ പദ്ധതിയുടെ AIBP-യിലുള്ള പ്രവർത്തികൾക്കായി 2010-11 വർഷത്തിൽ 10 കോടി രൂപയും, 2011-12 വർഷത്തിൽ 2 കോടി രൂപയും, 2012-13 വർഷത്തിൽ 2 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. പ്രോജക്ട് വിഭാഗം-II ചീഫ് എഞ്ചിനീയർ, തിരുവനന്തപുരത്തിന് കീഴിലുള്ള എ.ഐ.ബി.പി. പ്രകാരമുള്ള പദ്ധതിയുമായി ബന്ധപ്പെട്ട് കരാറുകാരുടെ ബിൽ തുകയ്ക്കായി 2009-10 വർഷം 73,40,828/- രൂപയും, 2010-11 വർഷം 7,91,78,232/- രൂപയും, 2011-12 വർഷം 6,93,36,292/- രൂപയും ചിലവഴിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ